പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 5418 25.10.2011- ൽ മറുപടിക്ക്

**വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും റോഡുകൾ പുനരുദ്ധാരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സാജു പോൾ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും റോഡുകൾ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ ; | (എ) | 08.09.2009 ലെ സ.ഉ(എം.എസ്)നം. 396/2009/ഡി.എം.ഡി അനുസരിച്ചാണ് റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിയ്ക്കുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് ജോലികളുടെ നിരക്ക് വർദ്ധിച്ചതനുസരിച്ച് കാലോചിതമായി പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; | (ബി) | പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |
| (സി) | ഓരോ റോഡിനും അനുവദിക്കുന്ന തുകയുടെ പരിധി നിശ്ചയിച്ചിട്ടുള്ളതു മാറ്റി മണ്ഡലംതോറും എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് നൽകാനും ആവശ്യമെങ്കിൽ റോഡുകളുടെ നീളം നിജപ്പെടുത്തുവാനും സർക്കാർ സന്നദ്ധമാകുമോ ? | (സി) | ഇക്കാര്യം സർക്കാറിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.